# ടെണ്ടർ പരസ്യം

കൊച്ചിൻ ദേവസ്വം ബോർഡ് തിരുവില്വാമല ഗ്രൂപ്പ് അസിസ്റ്റന്റ് കമ്മീഷണറുടെ ഓഫീസിൽ നിന്നും പരസ്യപ്പെടുത്തുന്നത് എന്തെന്നാൽ,

തിരുവില്വാമല ഗ്രൂപ്പിൽപ്പെട്ട വെങ്ങാനെല്ലൂർ ദേവസ്വം കീഴേടം എലിയപ്പെറ്റ ക്ഷേത്രപറമ്പിലെ 11 തേക്ക് മരങ്ങളും, വീണ് കിടക്കുന്ന 2 തേക്ക് മരങ്ങളും മുറിച്ചുമാറ്റി കൊണ്ടുപോകുന്നതിനുള്ള അവകാശത്തിന് ടെണ്ടറുകൾ ക്ഷണിക്കുന്നു. ടെണ്ടർ സമർപ്പിക്കുവാൻ താൽപര്യമുള്ളവർ സംഖ്യ രേഖപ്പെടുത്തി സീൽ ചെയ്ത ടെണ്ടറുകൾ ദേവസ്വം അസിസ്റ്റന്റ് കമ്മീഷ്ണർ ഓഫീസിൽ വെച്ചിട്ടുള്ള ടെണ്ടർ ബോക്സിൽ പരസ്യം പ്രസിദ്ധീകരിച്ച തിയ്യതി മുതൽ 2024 ജൂലായ് 2 ന് 3 പി.എം ന് മുമ്പായി നിക്ഷേപിക്കേണ്ടതാണ്. ടെണ്ടറിനോടൊപ്പം നിരതദ്രവ്യമായി ദേവസ്വം കമ്മീഷ്ണറുടെ പേരിൽ ധനലക്ഷമിബാങ്ക്, കുമരനെല്ലൂർ ശാഖയിൽ മാറാവുന്ന 7,500/-ക **(ഏഴായിരത്തി അഞ്ഞൂറ് രൂപ മാത്രം)** യുടെ ഡിമാന്റ് ഡ്രാഫ്റ്റ് ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്. നിരതദ്രവ്യം ഉള്ളടക്കം ചെയ്യാത്ത ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല. ടെണ്ടർ ഉള്ളടക്കം ചെയ്ത കവറിനുപുറത്ത് **എലിയപ്പെറ്റ തേക്ക് ടെണ്ടർ** എന്ന് പ്രത്യേകം എഴുതേണ്ടതാണ്. 2024-ാംമാണ്ട് ജൂലായ് മാസം 2-ാം തിയ്യതി പകൽ 3.പി.എം വരെ തപാൽമാർഗ്ഗം ലഭിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതാണ്.

ലഭിച്ച ടെണ്ടറുകൾ 2024-ാംമാണ്ട് ജൂലായ് മാസം 2-ാം തിയ്യതി 3.30 പി.എം ന് അപ്പോൾ ഹാജരായുള്ളവരുടെ സാന്നിധ്യത്തിൽ ദേവസ്വം അസിസ്റ്റന്റ് കമ്മീഷ്ണർ ഓഫീസിൽ വച്ച് തുറക്കുന്നതും കൂടുതൽ സംഖ്യ രേഖപ്പെടുത്തിയ വ്യക്തിയുടെ പേരിലുള്ള ടെണ്ടർ ഉറപ്പിക്കുന്നതിനായി ബഹുമാനപ്പെട്ട ദേവസ്വം കമ്മീഷ്ണർക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതും, ആയത് അംഗീകരിച്ചു വരുന്ന മുറയ്ക്ക് സംഖ്യ മുഴുവനും ദേവസ്വത്തിലടച്ച് രശീതി വാങ്ങേണ്ടതുമാണ്. ടെണ്ടർ ലഭിച്ച വ്യക്തി ടെണ്ടർ സംഖ്യക്ക് പുറമെ വരുന്ന എല്ലാ നികുതികളും (18% GST & 5% FDT) അടയ്ക്കുവാൻ ബാധ്യസ്ഥനാണ്. ടെണ്ടർ ലഭിച്ച വ്യക്തി ദേവസ്വത്തിന്റേതല്ലാത്ത കാരണത്താൽ ടെണ്ടർ വേണ്ടെന്ന് വെക്കുന്ന പക്ഷം നിരതദ്രവ്യം സംഖ്യ തിരികെ നൽകുന്നതല്ല. ഏറ്റവും കൂടുതൽ സംഖ്യയ്ക്ക് ടെണ്ടർ സമർപ്പിച്ചിട്ടുള്ള ആളുടെയും രണ്ടാമതായി കൂടുതൽ സംഖ്യക്ക് ടെണ്ടർ സമർപ്പിച്ച വ്യക്തിയുടേയും. ഒഴികെയുള്ള നിരതദ്രവ്യം അന്നുതന്നെ തിരികെ നൽകുന്നതും, രണ്ടാമത് കൂടുതൽ സംഖ്യക്ക് ടെണ്ടർ നൽകിയിട്ടുള്ള വ്യക്തിയുടെ നിരതദ്രവ്യം ലേലം കൊണ്ട ആളുടെ ടെണ്ടർ അംഗീകരിച്ച് സംഖ്യ അടവ് വരുത്തുന്ന മുറയ്ക്ക് തിരികെ നൽകുന്നതാണ്. ടെണ്ടർ അംഗീകരിച്ച തിയ്യതി മുതൽ പത്ത് ദിവസത്തിനകം തേക്ക് മരങ്ങൾ നീക്കം ചെയ്യേണ്ടതും, ക്ഷേത്രത്തിലെ മറ്റു മുതലുകൾക്ക് നാശനഷ്ടങ്ങൾ ഒന്നുമുണ്ടാകാതെ മരങ്ങൾ കൊണ്ടുപോകേണ്ടതുമാണ്. ടെണ്ടർക്കാരന്റെ അശ്രദ്ധ മൂലമോ മറ്റു കഷ്ട നഷ്ടങ്ങൾ ഉണ്ടാകുന്ന പക്ഷം ആയതിന് ടെണ്ടർ ലഭിച്ച വ്യക്തി പരിപൂർണ്ണ ഉത്തരവാദിയും നിയമ നടപടികൾക്ക് വിധേയനുമാണ്.

ഈ ടെണ്ടർ സംബന്ധിച്ച് കൂടുതൽ അറിയുവാൻ ആഗ്രഹിക്കുന്നവർ വടക്കാഞ്ചേരി തിരുവില്വാമല അസിസ്റ്റന്റ് കമ്മീഷണർ ഓഫീസിലോ, വെങ്ങാനെല്ലൂർ ദേവസ്വം ഓഫീസിലോ പ്രവർത്തി സമയത്ത് അന്വേഷിച്ചാൽ അറിയാവുന്നതാണ്. ഈ പരസ്യം പ്രകാരം ലഭിക്കുന്ന ടെണ്ടറുകൾ ഗുണകരമല്ലെന്ന് കണ്ടാൽ മാറ്റി വയ്ക്കുന്നതിനോ, മറ്റു ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനോ താഴെ ഒപ്പിടുന്ന ആൾക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

ഏതെങ്കിലും കാരണവശാൽ ടെണ്ടർ നടത്തുന്നതിന് ബുദ്ധിമുട്ടോ, മറ്റു തടസ്സങ്ങളോ ഉണ്ടായാൽ ടെണ്ടർ നിർത്തിവെച്ച് ബഹു.ബോർഡിന്റെ തീർപ്പിന് വിധേയമായി മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

അസിസ്റ്റന്റ് കമ്മീഷണർ
തിരുവില്വാമല ഗ്രൂപ്പ്

ദേവസ്വം അസിസ്റ്റന്റ് കമ്മീഷണർ ഓഫീസ്
തിരുവില്വാമല ഗ്രൂപ്പ്
വടക്കാഞ്ചേരി